പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **5455** — 25/10/2011 ൽ മറുപടിയ്ക്ക്

**ലാന്റ് ഇൻഫർമേഷൻ സെന്ററിന്റെ പ്രവർത്തനം.**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ:<br>ശ്രീ. എം. എ. വാഹീദ്:<br>ശ്രീ. പി. സി. വിഷ്ണുനാഥ്:<br>ശ്രീ. അൻവർ സാദത്ത്: | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) കേരള ലാന്റ് ഇൻഫർമേഷൻ മിഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാം ആണ്; | (എ) 1. മൂന്നു വർഷത്തിനുള്ളിൽ സംസ്ഥാനത്തെ റീസർവ്വേ പൂർത്തിയാക്കുക.<br>2. എല്ലാ പൊതു ഭൂമികളുടെയും റിക്കാർഡുകൾ ക്രമീകരിച്ച് പൂർത്തിയാക്കുക.<br>3. സംസ്ഥാനത്തെ ആയിരത്തോളം ലൊക്കേഷനുകളിലായി ആദിവാസികൾക്ക് പകുത്തു കൊടുക്കേണ്ട 27,000 ഹെക്ടർ ഭൂമിയെ സംബന്ധിച്ചുള്ള സർവെ റിക്കാർഡുകൾ തയ്യാറാക്കുക.<br>4. എൻ.എൽ.ആർ.എം.പി. പദ്ധതിയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ 31 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കുക.<br>5. ഹാരിസൺ മലയാളം പ്ലാന്റേഷന്റെ കൈവശമുള്ള ഭൂമിയുടെ റീസർവ്വേ നടപടികൾ പൂർത്തീകരിക്കുക. കൂടാതെ പ്രസ്തുത കമ്പനി അധിക ഭൂമി നിയമപരമല്ലാതെ കൈവശം വച്ചിട്ടുണ്ടോ എന്നു പരിശോധിക്കുക.<br>6. സർക്കാരിന്റെ സമയാസമയത്തുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് പൊതു ആവശ്യങ്ങൾക്കുള്ള ഭൂമിയുടെ സർവ്വേ നടത്തുക. അല്ലെങ്കിൽ ആ സർവ്വേ നടപടികളിൽ പങ്കാളിയാവുക. |

(ബി) ഇതിനു കീഴിൽ നടപ്പാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) 1. ഇറിഗേഷൻ വകുപ്പിനു വേണ്ടി കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രൊജക്ട്, ഷിരുവാണി പ്രോജക്ടുകൾക്കായി ഏകദേശം 1700 കി.മീ ദൈർഘ്യമുള്ള പ്രോജക്ടിന്റെ സർവ്വെ ജോലികൾ.

2. മൈനിംഗ് ജിയോളജി വകുപ്പിനു വേണ്ടി മൈനിംഗ് സൈറ്റിൽ സാറ്റലൈറ്റ് സർവെ

3. സർവ്വെ റിക്കാർഡുകളുടെ ഡിജിറ്റൈസേഷനു വേണ്ടി എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ ഡിജിറ്റൈസേഷൻ സെന്റർ സ്ഥാപിക്കുക, മറ്റ് ജില്ലകളിൽ ഇതിനായി സ്ഥലം കണ്ടെത്തുക.

4. സർക്കാർ ഭൂമികളുടെ റിക്കാർഡ് ഡിജിറ്റൈസേഷൻ.

5. റവന്യൂ, സർവ്വേ വകുപ്പുകളുടെ പക്കലുള്ള ഭൂമി സംബന്ധമായ എല്ലാവിധ രേഖകളും സൂക്ഷിക്കുന്നതിനും, ആവശ്യാനുസരണം ഡാറ്റകൾ വീണ്ടെടുത്ത് ഉപയോഗിക്കുന്ന തിനുമായി തിരുവനന്തപുരം, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിൽ കോമൺ റിക്കാർഡ് റൂം സ്ഥാപിക്കുക.

(സി) പ്രസ്തുത പദ്ധതിക്കായി എന്തു തുക വകയിരുത്തിയിട്ടുണ്ട്;

(സി) കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ടിനു വേണ്ടി 73 ലക്ഷം രൂപയും, മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ സാറ്റലൈറ്റ് സർവ്വെയ്ക്കായി 5.93,250 രൂപയും, എറണാകുളം തൃശ്ശൂർ, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിലെ ഡാറ്റാ പ്രോസസ്സിംഗ് സെന്റർ സ്ഥാപിക്കുന്നതിനായി 80 ലക്ഷം രൂപയും, പരിശീലന സൗകര്യത്തോടെ മോഡേൺ ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതിന് 90 ലക്ഷം രൂപയും, കോമൺ റിക്കാർഡ് റൂം സ്ഥാപിക്കുന്നതിനായി 323.04 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(ഡി) മിഷന്റെ കീഴിൽ വരുന്ന പ്രസ്തുത പദ്ധതികൾ സമയ ബന്ധിതമായി പൂർത്തിയാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

(ഡി) 1. കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ടിന് കരാർ ഒപ്പിടുന്നതിനുള്ള നടപടികൾ തുടരുന്നു. കരാർ ഒപ്പിട്ടു ലഭിച്ചാൽ 7 മാസം കൊണ്ട് സർവ്വെ പൂർത്തിയാവും

2. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ

സാറ്റലൈറ്റ് സർവെയ്ക്കായി എം.എസ്.പി.എൽ. കമ്പനി സമർപ്പിച്ച അപേക്ഷ പ്രകാരം ടി കമ്പനിയോട് 5,93,250 രൂപ അടയ്ക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

3. ഡാററാ പ്രോസസിംഗ് സെന്റർ 2012- 13 സാമ്പത്തിക വർഷം പൂർത്തിയാക്കു ന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.
4. പരിശീലന സൗകര്യത്തോടു കൂടിയ മോഡേൺ ഡിജിറ്റൈസേഷൻ സെന്റർ 2012-13 വർഷത്തിൽ സർക്കാർ ഭൂമികളുടെ ഡിജിറ്റൈസേഷൻ പൂർത്തിയാക്കും.
5. കോമൺ റിക്കാർഡ് റൂം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഈ സാമ്പത്തിക വർഷം പൂർത്തിയാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ